Item Code: 643 Participant Code: 111

# ഊട്ടിയുറപ്പിക്കാം ആവിഷ്കാര-സ്വാതന്ത്ര്യം

1956 നവംബർ 1-ന് രൂപീകൃതമായ കൊച്ചുസംസ്ഥാനമാണ് നമ്മുടെ കേരളം. കേരളത്തിലെ മികച്ച സാമൂഹിക സാഹചര്യങ്ങളും ഉയർന്ന സാക്ഷരതാ നിരക്കും ഉയർന്ന ജീവിതനിലവാര സൂചികയുമൊക്കെ വികസിത രാജ്യങ്ങളുടെ ജീവിതനിലവാരത്തോട് ഒപ്പത്തിനൊപ്പമാണ്. ദേശീയ ശരാശരി പരിശോധിക്കുകയാണെങ്കിൽ പല മേഖലകളിലെന്ന പോലെ വ്യക്തിസ്വാതന്ത്ര്യ കാര്യത്തിലും കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലും ക്ഷേമ കാര്യത്തിലും ഉൾപ്പെടെ ആരോഗ്യരംഗത്തും എല്ലാം കേരളം ലോകത്തിനു തന്നെ മാതൃകയാണ്. സാമൂഹ്യ ജീവിതത്തിൽ ആവിഷ്കാരസ്വാതന്ത്ര്യത്തിനുള്ള പങ്കാളിത്തത്തെ കുറിച്ച് നാം ഈയടുത്ത കാലയളവുകളിലായി വാർത്താമാധ്യമങ്ങളിലും പത്ര മാധ്യമങ്ങളിലും ചർച്ച ചെയ്യുകയുണ്ടായി. ആവിഷ്കാര സ്വാതന്ത്ര്യം വ്യക്തി ജീവിതത്തിൽ വിഖ്യാതമായ സ്വാധീനം ചെലുത്തുന്നുണ്ട്. ആവിഷ്കാര സ്വാതന്ത്ര്യമെന്നത് ഒരു വ്യക്തിയുടെ മൗലികാവകാശങ്ങൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അല്ല: അതിലുമുപരി വ്യക്തിക്ക് തന്റെ നിലപാടുകളും ഒപ്പം കാഴ്ചപ്പാടുകളും കൂടാതെ കേരള സമൂഹത്തിലെ പല മേഖലകളിലും ചെലുത്താവുന്ന പങ്കാളിത്തവും ഉൾപ്പെടുന്നതാണ് ആവിഷ്കാരസ്വാതന്ത്ര്യം.

മനുഷ്യൻ ഇന്ന് സകല മേഖലകളിലും ഉയർന്നു വന്നിരിക്കുകയാണ്. അതുപോലെ ആവിഷ്കാര സ്വാതന്ത്ര്യവും ഇന്ന് മാനവന്റെ കൈപ്പിടിയിൽ തന്നെയുണ്ട്. ആവിഷ്കാരങ്ങളാണ് മനുഷ്യജീവിതത്തെ നിർണ്ണയിക്കുന്നത്. കാലാതീതമായ ആവിഷ്കാരങ്ങൾ സമൂഹജീവിതത്തിൽ ഒട്ടനവധി പരിണാമങ്ങൾ സൃഷ്ടിക്കുന്നു. ആദിമശിലായുഗ കാലത്ത് മൃഗതുല്യ ജീവിതം നയിച്ച മാനവൻ ഇന്ന് കമ്പ്യൂട്ടർ ടെക്നോളജി കാലഘട്ടത്തിൽ ജീവിക്കുമ്പോൾ ആവിഷ്കാരസ്വാതന്ത്ര്യത്തിനായി പൊരുതുകയാണ്.

" ആശയങ്ങളും സുഹൃത്തുക്കളും
ഒരുപോലെയാണ്; രണ്ടും
പ്രതിഭകളാണ് നൽകുന്നത് "

എന്ന വില്ല്യം ഷേക്സ്പിയറിന്റെ ഈ കവിതാശകലങ്ങൾ ആശയങ്ങളിലൂടെ പ്രതിഭ നേടിയെടുത്ത് അതുവഴി

ആവിഷ്ക്കാരസ്വാതന്ത്ര്യം നേടിയെടുക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യം ഒരു പരിധി വരെ ഇന്ന് പൂർണതയിലേക്ക് എത്തിയെങ്കിലും കേരള സമൂഹത്തിന്റെ പല മേഖലകളിലും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം ഇന്നും നടന്നുവരികയാണ്. മൗലികാവകാശങ്ങൾക്കും അപ്പുറമുള്ള അവകാശങ്ങൾ സാക്ഷാത്ക്കരിക്കുവാൻ തീർച്ചയായും നാം പോരാടിയേ മതിയാകൂ. മലയാളികളുടെ നന്മ എന്ന് പറഞ്ഞ് ഊറ്റം കൊള്ളുന്നവരാണ് നാം. എന്നാൽ അത് നിർത്തേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്. യഥാർത്ഥത്തിൽ ആവിഷ്ക്കാരം ഒരു പ്രക്രിയയാണ്. അത് പ്രകടിപ്പിക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും നമ്മുക്ക് തീർച്ചയായും ഉണ്ട്.

ഒട്ടനവധി നൂതനമായ ആശയങ്ങൾ ഇന്ന് നമ്മുടെ മുക്കിൽ തുമ്പത്തു തന്നെയുണ്ട്. എന്നാൽ പലപ്പോഴും സാമൂഹ്യ ജീവിതത്തിൽ അവ തുറുങ്കിലടക്കപ്പെടുന്നു. പലരും അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും സ്വയം അടിമകളായി ആസക്തി ജനിപ്പിച്ച് തങ്ങളുടെ ഭാവി ഇല്ലാതാക്കികൊണ്ട് സമൂഹത്തെ തന്നെ ഒട്ടാകെ കാർന്ന് തിന്നുകയാണ് മനുഷ്യൻ ഇന്ന്.

വികസനപരമായ മേഖലയിൽ മനുഷ്യൻ തന്റെ ആവിഷ്-
കാരസ്വാതന്ത്ര്യത്തിന്റെ മികച്ച ഉദാഹരണമാണ്
കാഴ്ച വയ്ക്കുന്നത്. ഇന്ന് നാം കാണുന്ന സകല മേഖല-
കളിലും മനുഷ്യന്റെ സ്പർശനം ഉണ്ട്. സമൂഹജീവിത-
ത്തിൽ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ ഉത്തമമായ
ഉദാഹരണമാണിത്.

ജനാധിപത്യത്തെ ആധാരമാക്കികൊണ്ടാ-
ണ് സർവതല സ്പർശിയായ നമ്മുടെ കേരള
ഗവൺമെന്റ് പല പദ്ധതികൾ രൂപീകരിക്കുന്നത്.
ജനങ്ങൾ ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തിരഞ്ഞെ-
ടുക്കുന്ന ഭരണമാണല്ലോ ജനാധിപത്യം. സാമൂഹ്യ
ജീവിതത്തിൽ ജനങ്ങൾക്കുള്ള ആവിഷ്ക്കാരസ്വാത-
ന്ത്ര്യത്തെ ഉയർത്തി കാട്ടുകയാണിവിടെ. ഇന്ന്
കേരളത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വികസന
പദ്ധതിയും ജനങ്ങളുടെ ആശയങ്ങൾ കൂടി ക്രോഡീ-
കരിച്ചുകൊണ്ടാണ് നടപ്പിലാക്കിയത്. ജനങ്ങളുടെ
ആവിഷ്ക്കാര സ്വാതന്ത്ര്യം ഇവിടെ പ്രസക്തമാകുന്നു.

"ഒരു ലോകം നന്നാവണമെങ്കിൽ
ആദ്യം സ്വയം നന്നാവണം" -

- എന്ന് മൈക്കിൾ ജാക്സൺ പറഞ്ഞിട്ടുണ്ട്. എത്ര

അർത്ഥവത്തായ വാചകം! സാമൂഹ്യജീവിതത്തിൽ ആവിഷ്കാരസ്വാതന്ത്ര്യം എന്ന ലക്ഷ്യം പൂർണമാക്കാൻ കുടുംബങ്ങൾ അകത്തിൽ ആവിഷ്കാരസ്വാതന്ത്ര്യം നടപ്പിലാക്കണം. കൂട്ടുകുടുംബ വ്യവസ്ഥ മാറി ഇന്ന് അണുകുടുംബത്തിലേക്ക് എത്തിയിരിക്കുകയാണ്. കൂടാതെ അംഗങ്ങൾ തന്റേതായ തിരക്കുകളിലും ഉൾപ്പെട്ടു.

"കാലമിനിയുമുരുളും
വിഷു വരും, വർഷം വരും
തിരുവോണം വരും
ഓരോ തളിരിനും പൂവരും കായ് വരും
അപ്പോൾ എന്തെന്നും ആരെന്നും
ആർക്കറിയാം ?"

എന്ന എൻ. എൻ. കക്കാടിന്റെ വരികൾ മനുഷ്യബന്ധങ്ങൾ തമ്മിലുള്ള അകലം കുറയുന്നതിനെ കുറിച്ച് സൂചിപ്പിക്കുന്നു. അതുവഴി സാമൂഹ്യ ജീവിതത്തിലെ ആവിഷ്കാരസ്വാതന്ത്ര്യവും ഇല്ലാതാകുന്നു. ഓരോ കാര്യത്തിലും കഴിവു തെളിയിച്ച മനുഷ്യൻ, എന്തിന് ശാസ്ത്രത്തിനെ പോലും അതിജീവിച്ച മനുഷ്യൻ ആവിഷ്കാര സ്വാതന്ത്ര്യം നേടിയെടുത്ത് പൂർണതയിലേക്ക് എത്തിക്കാൻ മാത്രം മറന്നുപോയി.

'പാഠ്യപദ്ധതി പരിഷ്കരണം' എന്ന പദ്ധതി കേരള സർക്കാർ ഇന്ന് പുരോഗമനത്തിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതി ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പ്രധാന ഉദാഹരണമാണ്. 40 ലക്ഷത്തോളം രക്ഷിതാക്കൾ, അദ്ധ്യാപകരുൾപ്പെടെയുള്ള വിദ്യാഭ്യാസപ്രവർത്തകർ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, പൊതുസമൂഹം എന്നിവരെല്ലാം ഇതിൽ ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഗവൺമെന്റ് ഹൈസ്കൂളിൽ ബഹുമാന്യനായ വിദ്യാഭ്യാസ മന്ത്രി ശ്രീ. ശിവൻകുട്ടി നേരിട്ടെത്തി സന്ദർശിച്ച് കുട്ടികളുമായി ഇതുസംബന്ധമായി ചർച്ച നടത്തിയിരുന്നു. ഇവിടെ ആവിഷ്കാര സ്വാതന്ത്ര്യവും ചർച്ചാ വിഷയമായി.

മാതൃഭൂമി ദിനപത്രത്തിൽ കഴിഞ്ഞ ഡിസംബർ മാസത്തിലെ മുഖപ്രസംഗം- 'ആവിഷ്കാര സ്വാതന്ത്ര്യം ഒരു ചോദ്യചിഹ്നമാകുമോ?' എന്നതായിരുന്നു. ആവിഷ്കാര സ്വാതന്ത്ര്യം സാമൂഹ്യ ജീവിതത്തിൽ ചെലുത്തുന്ന പങ്കാളിത്തത്തെ കുറിച്ചും വിദ്യാർത്ഥികൾക്ക് അതിലുള്ള പങ്കിനെ കുറിച്ചും പ്രസ്തുത

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 111

മുഖപ്രസംഗത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.
ആവിഷ്കാരസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് പല
സ്ഥലങ്ങളിലും ഫ്ലാഷ് മോബ് പോലുള്ള വിവിധ
പരിപാടികൾ നടന്നതായി നാം ദൃശ്യമാധ്യമങ്ങളിലും
ഒപ്പം പത്ര മാധ്യമങ്ങളിലും ധാരാളമായി കണ്ടും
കേട്ടും കരി അറിഞ്ഞതാണ്.

"മനുഷ്യൻ സ്വതന്ത്രനായാണ് ജനിച്ചത്
എന്നാൽ എല്ലായിടത്തും അവൻ ചങ്ങല-
കളിലാണ്" -

- എന്നത് ഫ്രഞ്ച് വിപ്ലവത്തിലെ പ്രധാന ചിന്തകനായ
റൂസോയുടെ വാക്കുകളാണ്. ജനിക്കുമ്പോൾ സ്വതന്ത്രനായി
ജനിച്ച് എന്നാൽ പിന്നീട് തുറുങ്കുകളിൽ അടയ്ക്കപ്പെ-
ടുന്ന മനുഷ്യൻ ആണിതിൽ പ്രതിപാദനാ വിഷയം.
ആവിഷ്കാരസ്വാതന്ത്ര്യങ്ങൾ ഉൾപ്പെടെ പല സ്വാതന്ത്ര്യ-
ങ്ങളും ഇന്ന് പൂർണമല്ല. അവ അപൂർണമാണ്.
ലിംഗഅസമത്വവും, വർഗീയവിചാരങ്ങളും അന്ധവിശ്വാസ-
ങ്ങളും അനാചാരങ്ങളും ലഹരിയും മയക്കുമരുന്നും
പീഡനങ്ങളും, ജാതീയ വ്യവസ്ഥയും നിലനിൽക്കുന്ന
ഈ കേരളം വിവേകാനന്ദൻ പറഞ്ഞതു പോലെ
ഒരു ഭ്രാന്താലയമാണ്. ~~അക്കത്താര~~ അത്തരമൊരു അവസ്ഥ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

നീക്കം ചെയ്യുവാൻ ആവിഷ്കാരസ്വാതന്ത്ര്യബോധം മനസിലെ നാഴികക്കല്ലാക്കി കൊണ്ടുള്ള കൂട്ടായ പ്രവർ-ത്തനം തന്നെയാണ് ആവശ്യം.

കോവിഡാനന്തര കേരളത്തിൽ പല തര-ത്തിലുള്ള സ്വാതന്ത്ര്യങ്ങൾക്കും വലിയൊരു വിള്ളൽ വീണിട്ടുണ്ട്. അതിൽ ആവിഷ്കാര സ്വാതന്ത്ര്യവും ഉൾപ്പെടുന്നു. 2023-ഈ പുതുവർഷം ആരംഭിക്കുമ്പോൾ ആവിഷ്കാരസ്വാതന്ത്ര്യം അടിത്തറയിട്ട് ഉറപ്പിക്കുക എന്ന ലക്ഷ്യം കൂടി നാം മുന്നോട്ട് കൊണ്ടുവരണം. അനിതരസാധാരണമായ ഈ ഒരു കാലഘട്ടത്തിൽ ആവിഷ്കാരസ്വാതന്ത്ര്യത്തിന് ഏറെ പ്രാധാന്യമുണ്ടെ-ങ്കിൽ സമൂഹത്തിലെ പല മേഖലകളിലും ഇന്നും അവയ്ക്ക് മുന്നിൽ തടസ്സങ്ങളുണ്ട്. സുഖഭോഗങ്ങൾക്കു പിന്നാലെയുള്ള പരക്കം പാച്ചിൽ അവസാനിപ്പിച്ചു കൊണ്ട് പായുന്ന കാലത്തിന്റെ വായയിലെ തവളയായി മാറാതെ നമ്മുടെ ആവിഷ്കാരസ്വാത-ന്ത്ര്യം സാക്ഷാത്കരിക്കുവാൻ നാം വിദ്യാർത്ഥികളും കൂട്ടായ് പ്രവർത്തിക്കണം. പ്രശസ്ത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീൻ 99 തവണ പരാജയപ്പെട്ടിട്ടും

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 111

നൂറാം തവണയാണ് വിജയിച്ചത്. 'ആവിഷ്കാര സ്വാതന്ത്ര്യം' സ്കൂളിൽ നിന്നു തന്നെ ആരംഭിക്കണം. സാമൂഹ്യ ജീവിതത്തിൽ ഏറെ ചർച്ചാവിഷയമായ 'ആവിഷ്കാരസ്വാതന്ത്ര്യം' പൂർണതയിലേക്ക് കൊണ്ടുവരാൻ സ്കൂളിലെ വിവിധ എസ്.പി.സി, സ്കൗട്ട് & ഗൈഡ്സ്, എൻ.എസ്.എസ്. പോലുള്ള സംഘടനകൾ ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

ലോകത്തിന് മാതൃകയാകുന്ന, മൂല്യബോധമുള്ള, ഏതു തൊഴിലിനേയും ബഹുമാനിക്കുന്ന നീതിയിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന ആവിഷ്കാരസ്വാതന്ത്ര്യമുള്ള നല്ല പൗരന്മാരായി വളരുവാൻ കൂട്ടായ പ്രവർത്തനം കൂടി ആവശ്യമാണ്.

"അതുതന്നെ പറയുവാൻ സമയമില്ല
നീന്തിമറയുവാൻ വഴികളില്ലിനി പലതുമുണ്ട്
വഴികളുടെ അപ്പുറം കൂട്ടുകളുണ്ട്
നമ്മുടെ അനുഭവച്ചോറിന് കാത്തിരിപ്പൂ"

എന്ന കവിതാശകലങ്ങൾ മനസ്സിൽ കരുതിക്കൊണ്ട് സാമൂഹ്യ ജീവിതത്തിൽ ആവിഷ്കാര സ്വാതന്ത്ര്യം ഊട്ടിയുറപ്പിക്കാം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)